(ബി) 1955-56-ലേയ്ക്ക് എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ട്;

(സി) മത്സ്യത്തൊഴിലാളികൾക്ക് തടികൾ കൊടുക്കുന്നതു കൂടാതെ മറ്റേതെങ്കിലും വിധത്തിലുള്ള ധനസഹായം ചെയ്യുന്നുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) മത്സ്യത്തൊഴിലാളികൾക്ക് വള്ളമുണ്ടാക്കുന്നതിനു 1954-55-ൽ കൺസഷൻ റേറ്റിൽ തടികൾ കൊടുത്തിട്ടില്ല.

(ബി) 101 അപേക്ഷകൾ.

(സി) ഉണ്ട്. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം ഉണക്കുന്നതിനു് ആവശ്യമായ ഉപ്പ് സൗജന്യനിരക്കിൽ കൊടുത്തുവരുന്നുണ്ട്.

ട്രാൻസ്പോർട്ട് സമരകാലത്ത് ലീവിൽ നിന്നിരുന്ന തൊഴിലാളികൾ

*855. [61] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് സമരകാലത്തു ലീവിൽ നിന്നിരുന്ന തൊഴിലാളികൾ അവരുടെ ലീവ് കാൻസൽ ചെയ്ത് ജോലിയിൽ പ്രവേശിക്കണമെന്നാവശ്യപ്പെട്ടിട്ട്, അങ്ങനെ ചെയ്യാത്ത കാരണത്താൽ ഇന്നും ജോലിയിൽ പ്രവേശിപ്പിക്കാതെ ഏതെങ്കിലും തൊഴിലാളികളെ നിർത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർ ആരെല്ലാമാണ്;

(സി) അവർ ജോലിയിൽ ഹാജരാകാതിരുന്നതിനു് പറഞ്ഞിരിക്കുന്ന കാരണങ്ങൾ എന്തൊക്കെയാണ്;

(ഡി) അവരെ സംബന്ധിച്ച് അവസാനമായി ഒരു തീരുമാനം ചെയ്യുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഉണ്ട്.

(ബി) പി. കെ. രാമൻ, സത്യരാജപ്പണിക്കർ, കേരളവർമ്മ എന്നു് മൂന്നു കണ്ടക്ടർമാരും, പി. ഇ. ഈപ്പൻ എന്നൊരു ക്ലീനറും.

(സി) ചികിത്സ, തനതാവശ്യങ്ങൾ മുതലായ കാരണങ്ങളാണ് കാണിച്ചിരിക്കുന്നതു്.

(ഡി) ഈ കാര്യം ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ട്രാൻസ്പോർട്ട് ബസ്സുകളിൽ പ്രസ്സുകാർക്ക് ഫ്രീ പാസ്സ്.

*856. [68] ഡാക്ടർ എൻ. കെ. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റ് ട്രാൻസ്പോർട്ട് ബസ്സുകളിൽ പ്രസ്സുകാർക്ക് ഫ്രീ പാസ്സ് എന്നതു് കൊടുത്തതു്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ആനുകൂല്യങ്ങൾ എറണാകുളത്തും, കോട്ടയത്തും ഉള്ള പത്രപ്രതിനിധികൾക്കും അനുവദിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തു് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) 1955 ഫെബ്രുവരി അഞ്ചാംതീയതി മുതൽ.

(ബി) ഇല്ല.

(സി) തലസ്ഥാനനഗരിയിലെ അധികൃത പത്രപ്രതിനിധികൾക്കു് മാത്രമെ ഈ ആനുകൂല്യം കൊടുക്കണമെന്നു ഉദ്ദേശിച്ചിട്ടുള്ളു.

വക്കു് എസ്റ്റാബ്ലിഷ്മെൻറു് സർവ്വീസുകാർ.

* 857. [72] ശ്രീ. എൻ. പരമേശ്വരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. ഡബ്ലിയു. ഡി. വക്കു് എസ്റ്റാബ്ലിഷ്മെൻറു ജോലിക്കാരെ സ്ഥിരം സർവീസുകാരായി ഗണിച്ചു് ശമ്പളക്കൂട്ടത്തിൽ കൊടുക്കണമെന്നും മറ്റും കാണിച്ചു് അവരുടെ സംഘടനയിൽനിന്നും സർക്കാരിലേയ്ക്കു നിവേദനം ലഭിച്ചിട്ടുണ്ടോ ?

(ബി) അതിന്മേൽ എന്തു നടപടി നടത്തി ;

(സി) 1-4-1955 മുതൽ സ്ഥിരം സർവീസുകാരായി പരിഗണിച്ചു് സ്ഥിരം സർവീസുകാരുടെ എല്ലാ അവകാശങ്ങളും നൽകുവാൻ ശ്രമിക്കുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഉണ്ടു്.

(ബി) ചില വ്യവസ്ഥകൾക്കു് വിധേയമായി വക്കു് എസ്റ്റാബ്ലിഷ്മെൻറു് ജീവനക്കാരെ പെൻഷന്നില്ലാത്ത സ്ഥിരം സർവീസുകാരായി 1-4-1953 മുതൽ പരിഗണിക്കുവാൻ 4-3-1954- ഉത്തരവായിട്ടുണ്ടു്. ആ ഉത്തരവിൻറെ അടിസ്ഥാനത്തിൽ വക്കു് എസ്റ്റാബ്ലിഷ്മെൻറു് സർവീസു് പുനഃസംഘടിപ്പിക്കുവാൻ ചീഫ് ഇൻജിനീയരുടെ കീഴിൽ ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചു് ജോലി ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുകയാണു്.

(സി) മേൽവിവരിച്ചു് ഉത്തരവിൻറെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

രണ്ടാം പഞ്ചവത്സരപദ്ധതി.

* 858. [78] ശ്രീ. പി. നാരായണൻ പോറ്റി : താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ സംസ്ഥാനത്തിനു വശ്യമുള്ള ഏതെല്ലാം പരിപാടികളാണു് ഉൾപ്പെടുത്തിയിട്ടുള്ളതു് ;

(ബി) അതിനെസംബന്ധിച്ചുള്ള ശുപാർശകൾ പ്ലാനിംഗ് കമ്മീഷനു് അയച്ചുകൊടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly